പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2209 16.08. 2017 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ എണ്ണം നിയന്ത്രിക്കണമെന്ന നിർദ്ദേശം

ചോദ്യം

ശ്രീ.കെ.സി.ജോസഫ്
" വി.ടി.ബൽറാം
"അൻവർ സാദത്ത്
"അനിൽ അക്കര

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ എണ്ണം നിയന്ത്രിക്കണമെന്നും വിരമിക്കുന്നവരുടെ ഒഴിവിൽ പുതിയ ആളുകളെ നിയമിക്കരുതെന്നും വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ; | (എ) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ എണ്ണം നിയന്ത്രിക്കണമെന്നും വിരമിച്ചവരുടെ ഒഴിവുകളിൽ പുതിയ ആളുകളെ നിയമിക്കരുതെന്നും വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ആവശ്യപ്പെട്ടിട്ടില്ല. |
| (ബി) ബോർഡിലെ ഓഫീസുകളിൽ പല മേഖലകളിലും ആധുനിക സാങ്കേതിക വിദ്യ നിലവിൽ വന്നതിനാൽ ജീവനക്കാരുടെ ജോലിഭാരം കുറഞ്ഞതായി റെഗുലേറ്ററി കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) ബോർഡിന്റെ പ്രവർത്തനത്തെ കുറിച്ച് പഠിച്ച കോഴിക്കോട് ഐ.ഐ.എം. നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡിലെ ജീവനക്കാരുടെ പുനർവിന്യാസം, സിവിൽ വിഭാഗത്തിന്റെ പുന:സംഘടന, പരിശീലനത്തിലൂടെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ എന്നിവയിൽ എന്ത് തീരുമാനം എടുത്തുവെന്ന് | (സി) കെ.എസ്.ഇ.ബി ലിമിറ്റഡിലെ സേവന നിലവാരം മെച്ചപ്പെടുത്തി കാര്യക്ഷമത വർദ്ധിപ്പിച്ച് കാര്യപ്രാപ്തിയിൽ എത്തിക്കുന്നതിനായി ഒരു പഠനം നടത്തുവാൻ 13.03.2014 – ൽ ഐ.ഐ.എം കോഴിക്കോടുമായി കെ.എസ്.ഇ.ബി.എൽ കരാറിൽ ഏർപ്പെട്ടു.<br><br>കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രകടനം ലോകോത്തരമായ മറ്റ് പവർ യൂട്ടിലിറ്റികളുമായി തുലനം ചെയ്യുക, കെ.എസ്.ഇ.ബി.എൽ -ന്റെ സേവന നിലവാരം വിലയിരുത്തുക, ഘടനാപരമായ |

| | |
|---|---|
| വ്യക്തമാക്കുമോ? | മാറ്റത്തിന്റെ ആവശ്യകത പഠിക്കുക, ഓരോ വിഭാഗത്തിലും ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുക, ജീവനക്കാരുടെ പരിശീലന ആവശ്യകതകൾ കണ്ടെത്തുക. ജീവനക്കാരുടെ പുനർവിന്യാസത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക തുടങ്ങിയവയായിരുന്നു പ്രധാന പഠന വിഷയങ്ങൾ.<br>തുടർന്ന് ഐ.ഐ.എം കോഴിക്കോട് ഉപഭോക്താക്കൾക്ക് ഇടയിലും, ജീവനക്കാരുടെ ഇടയിലും വിവിധ പഠനങ്ങളും സർവ്വേകളും നടത്തുകയും 03.05.2016 – ൽ കെ.എസ്.ഇ.ബി ലിമിറ്റഡിന് മുമ്പാകെ കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അന്നേദിവസം കൂടിയ ബോർഡുയോഗം ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.<br>ഈ റിപ്പോർട്ടിന്മേൽ ചില വിശദീകരണങ്ങൾ പ്രസ്തുത കമ്മിറ്റി ഐ.ഐ.എം കോഴിക്കോടിനോട് ആരായുകയും ആയവ സംബന്ധിച്ച് തുടർ പഠനങ്ങൾ ഐ.ഐ.എം കോഴിക്കോട് നടത്തുകയും 07.06.2017 – ന് അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഐ.ഐ.എം കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും, ചീഫ് എൻജിനീയർ (എച്ച്.ആർ.എം) കൺവീനറായും, ഫുൾടൈം ഡയറക്ടർമാർ അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി ലിമിറ്റഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ടി സമിതി വിവിധ ചർച്ചകൾ നടത്തിയതിന് ശേഷം ബോർഡിന്റെ അംഗീകാരത്തോട് കൂടി തീരുമാനം എടുക്കുന്നതാണ് |

സെക്ഷൻ ഓഫീസർ